**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5786** **08-07-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുടെ അൻപതാം വാർഷികാഘോഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയിൽ അവശ്യ സാധനങ്ങൾ എത്തിക്കുന്നതിന് സാമ്പത്തിക പ്രതിസന്ധി തടസ്സമായി നിൽക്കെ സപ്ലൈകോയുടെ അൻപതാം വാർഷികാഘോഷത്തിന് വലിയ തുക ചെലവാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (എ) | സപ്ലൈകോയുടെ അൻപതാം വാർഷികാഘോഷത്തിന് വലിയ തുക ചെലവാക്കിയുള്ള പദ്ധതികൾ ഒന്നും ഉദ്ദേശിക്കുന്നില്ല. അൻപതാം വാർഷികത്തോട് അനുബന്ധിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളാണ് സപ്ലൈകോ ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>1. സപ്ലൈകോയുടെ ഉപഭോക്താക്കൾക്ക് ആകർഷകമായ ഡിസ്കൗണ്ട്/ ഓഫറുകൾ നൽകും.<br><br>2. സപ്ലൈകോയുടെ പഴയ വിൽപനശാലകൾ നവീകരിക്കും.<br><br>3. ദീർഘനാളായി തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കും.<br><br>4. ആഡിറ്റ് അക്കൗണ്ട്സ് ഫൈനലൈസേഷൻ വേഗത്തിലാക്കും.<br><br>5. സപ്ലൈകോയിൽ ERP പൂർണ്ണമായി നടപ്പാക്കും.<br><br>6. ഭക്ഷ്യ ധാന്യങ്ങൾ സൂക്ഷിക്കുന്ന ഗോഡൗണുകൾ നവീകരിക്കും.<br><br>7. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി ബ്രാൻഡി'ൽ ഭക്ഷ്യ എണ്ണകൾ ഉൾപ്പെടെയുള്ള കൂടുതൽ ഉൽപ്പന്നങ്ങളുടെ വിപണനം ആരംഭിക്കും.<br><br>8. അനുയോജ്യമായ ഇടങ്ങളിൽ പുതിയ മെഡിക്കൽ സ്റ്റോറുകളും പുതിയ പെട്രോൾബങ്കുകളും ആരംഭിക്കും.<br><br>9. വിപണന സാധ്യതയുള്ള വിവിധ മേഖലകളിലേയ്ക്ക് സപ്ലൈകോയുടെ ബിസിനസ് വ്യാപിപ്പിക്കും. |

| | | | |
|---|---|---|---|
| | | | 10. സപ്ലൈകോയുടെ പ്രവർത്തനം സംബന്ധിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനും സപ്ലൈകോ വിൽപ്പനശാലകളിലേയ്ക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിനുമായി വിവിധ വിഷയങ്ങളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ സംഘടിപ്പിക്കും. |

സെക്ഷൻ ഓഫീസർ